ഇ.എം(4)47944/2006

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.14.8.2009

## സർക്കുലർ നമ്പർ 42/2009

വിഷയം. നിക്ഷേപ/വായ്പാ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച്

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 13.4.2005 ലെ 10/2005, 20/2/2006 ലെ 4/2006, 10/7/07 ലെ 38/2007 നമ്പർ സർക്കുലറുകൾ
2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/7/2009 ൽ ചേർന്ന യോഗ തീരുമാനങ്ങൾ.

സൂചന ഒന്നിലെ സർക്കുലറുകൾ പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ സ്ഥിര നിയമനം ലഭിച്ചിട്ടുള്ള നിക്ഷേപ/വായ്പാ പിരിവുകാരുടെ കമ്മീഷൻ തുകയിൽ നിന്നും പ്രതിമാസ വേതനം 500/- രൂപയായി നിശ്ചയിക്കുകയും തുടർന്ന് 750/- രൂപയായി വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെ സേവന, വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ച ശ്രീ.എ.രാധാകൃഷ്ണൻ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ 13.7.2009 ൽ ബഹു:സഹ:മന്ത്രിയുടെ ചേമ്പറിൽ വച്ച് ചേർന്ന യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിക്ഷേപ/വായ്പാ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ 2/3 ഭാഗം പ്രതിമാസ വേതനമായി നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന തുക 3000/- രൂപയിൽ അധികരിക്കാൻ പാടില്ല.
2. നിക്ഷേപ/വായ്പാ പിരിവുകാർക്ക് നൽകുന്ന കുറഞ്ഞ കമ്മീഷൻ 2% വും പരമാവധി 3% വും ആയിരിക്കും. 3% ൽ അധകരിച്ച് കമ്മീഷൻ നൽകേണ്ട സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. ജില്ലക്കുള്ളിലുള്ള സഹകരണ സംഘങ്ങളുടെ അപേക്ഷയിന്മേൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് തീരുമാനമെടുക്കാവുന്നതാണ്.
3. നിക്ഷേപ/വായ്പാ പിരിവുകാർക്ക് അതാത് സഹകരണ സ്ഥാപനങ്ങൾ തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്. തിരിച്ചറിയൽ കാർഡ് എല്ലാ സഹകരണ സ്ഥാപനങ്ങളും 30/9/2009 ന് മുമ്പായി നൽകി പൂർത്തിയാക്കേണ്ടതാണ്.

4. നിക്ഷേപ/വായ്പാ പിരിവുകാരായി നിയമനം ലഭിക്കുന്ന ഏജന്റുമാരിൽ നിന്നും 10,000/- രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും, ഇൻഡംമിനിറ്റി ബോണ്ടും ബന്ധപ്പെട്ട സ്ഥാപനം വാങ്ങേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ഇതു സംബന്ധിച്ച ബാദ്ധ്യത സ്ഥാപനത്തിന്റെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവിനായിരിക്കും.

5. വെൽഫയർ ഫണ്ട് ബോർഡിൽ യഥാസമയം ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന സ്ഥാപനങ്ങളുടെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവിൽ നിന്നും കുടിശ്ശിക തുകക്ക് 12% പലിശ ഈടാക്കുന്നതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാരും, എല്ലാ സഹകരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്)
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്
3. പ്രസിഡന്റ്/ജനറൽ മാനേജർ
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (ജി.പി.സെക്ഷൻ)
EM